(സി) ടി പദ്ധതിയിൽപ്പെടുത്തി ചെക്ക്ഡാമുകളുടെ പ്രവൃത്തികളൊന്നും പൂർത്തീകരിക്കാത്തതിനാൽ ഇതുവരെ ഇക്കാര്യത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കിയാൽ മാത്രമേ യഥാർത്ഥ ചെലവ് അറിയാൻ കഴിയുകയുള്ളൂ.

സർക്കാർ ആശുപത്രികളിൽ മോളികുലാർ ഡയഗ്നോസിസ് വിഭാഗം

17 (*797) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ ആശുപത്രികളിൽ മോളികുലാർ ഡയഗ്നോസിസ് വിഭാഗത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിലുള്ള ആശുപത്രികളിലാണ് ഇതിന് സൗകര്യമൊരുക്കിയിരിക്കുന്നത് ; വിശദാംശങ്ങൾ ഏതെല്ലാം ;

(സി) അനുയോജ്യമായ എല്ലാ ആശുപത്രികളിലും ഈ വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ വിഭാഗത്തിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ മോളികുലാർ ഡയഗ്നോസിസ് സംവിധാനം തുടങ്ങിയിട്ടില്ല. എന്നാൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ 2014 ഏപ്രിൽ മാസം മുതൽ മോളികുലാർ ഡയഗ്നോസിസ് ടെസ്റ്റുകൾ (പി.സി.ആർ.) ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ നിലവിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ മാത്രമാണ് ഈ സൗകര്യമുള്ളത്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെകീഴിൽ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിലും ഈ സൗകര്യം ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാധാരണഗതിയിൽ രോഗിയെ ചികിത്സിക്കുന്നതിന് മോളിക്യൂലാർ ഡയഗ്നോസിസ് ടെസ്റ്റുകളുടെ ആവശ്യം വരുന്നില്ല. രോഗനിർണ്ണയം സങ്കീർണ്ണമാകുന്ന അവസരങ്ങളിൽ (ഉദാ. ചില പ്രത്യേകതരം വൈറൽ രോഗങ്ങൾ, ചില പ്രത്യേകതരം ടി. ബി. എന്നിവ) മാത്രമാണ് പി.സി.ആർ. ടെസ്റ്റിന്റെ ആവശ്യകത വരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലെ പ്രധാന ആശുപത്രികളിൽനിന്നും ആവശ്യമെങ്കിൽ സാമ്പിളുകൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേയ്ക്ക് അയച്ച് പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആശുപത്രികളിൽ ഇക്കാര്യങ്ങൾക്കായി പ്രത്യേക സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല.

ഡീസലൈനേഷൻ പ്രോജക്ടുകൾ

18 (*798) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തീരപ്രദേശങ്ങളിലെയും കുട്ടനാട്ടിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഡീസലൈനേഷൻ പ്രോജക്ടുകൾ പ്രഖ്യാപിച്ചിരുന്നോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) പ്രോജക്ടുകളിൽനിന്ന് എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്നും ഇതിനായി എത്രയുക ചെലവഴിച്ചെന്നും അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) തീരപ്രദേശങ്ങളിൽ ശുദ്ധജല സ്രോതസ്സുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഡീസലൈനേഷൻ പ്ലാന്റുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. ആലപ്പുഴ ജില്ലയിൽ തുക്കുന്നപ്പുഴ, ആറാട്ടുപുഴ, ചിങ്ങോലി, കാർത്തികപ്പള്ളി, മുതുകുളം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി ലവണാംശമുള്ള ജലം

LIBRARY ARCHIVES Kerala Legislative Assembly